# മുന്നേറ്റം



## VMHMALPSCHOOL

## PORUR, TIRUR

V M H M. A.L.P. SCHOOL

VELLEKKAT
MOHAMED HAMZA
MEMORIAL ALP SCHOOL, PORUR

PORUR

# 2025 - 2026

# ആമുഖം

തിരൂർ മുൻസിപ്പാലിറ്റിയിലെ പിന്നോക്ക പ്രദേശമായ പൊറൂരിൽ 1951-ൽ ഏകദേശം 40 കുട്ടികളുമായി ആരംഭിച്ച ഈ വിദ്യാലയം നാടിന്റെ സാമൂഹികവും, സാംസ്കാരികവും, വിദ്യാഭ്യാസപരവുമായ വളർച്ചക്ക് സംഭാവനകൾ വിലമതിക്കാൻ പറ്റാത്തതാണ്. പാഠ്യപാഠ്യേതരപ്രവർത്തനങ്ങളിൽ എന്നും ശരാശരിയിലും ഉയർന്ന നിലവാരം പുലർത്തിപോന്നിട്ടുണ്ട്.പഠനപ്രവർത്തനങ്ങളിൽ മാത്രമല്ല, ഭൗതികസാഹചര്യങ്ങളുടെ കാര്യത്തിലും ഉയർന്ന നിലവാരം പുലർത്തിപോന്നിട്ടുണ്ട്.

എല്ലാ ക്ലാസ്സ്മുറികളും പൂർണ്ണമായും ഹൈ-ടെക് ആയിട്ടുള്ളതാണ്. എല്ലാ ക്ലാസ്സ്മുറികളിലും പ്രൊജക്ടർ, കമ്പ്യൂട്ടർ, സ്മാർട്ട് ബോർഡ്, എല്ലാ അധ്യാപകർക്കും ലാപ് ടോപ്പ്, വിശാലമായ കോൺഫറൻസ് ഹാൾ, മനോഹരമായ പൂന്തോട്ടം, അക്വേറിയങ്ങൾ, ഔഷധത്തോട്ടം, പാസ്റ്റിക്ക് സംസ്കരണ യന്ത്രം, വാട്ടർഫിൽറ്റർ, വിവിധ ലാബുകൾ എന്നിവയും ഈ വിദ്യാലയത്തിന്റെ സവിശേഷതകളിൽ ഉൾപ്പെട്ടവയാണ്.

PTA – MPTA യുടേയും, നാട്ടുകാരുടേയും, പൂർവ്വവിദ്യാർത്ഥികളുടേയും സഹകരണത്തോടെ എല്ലാ കുട്ടികൾക്കും ഉച്ചഭക്ഷണത്തിനുള്ള പാത്രങ്ങൾ, LKG-UKG കുട്ടികൾക്കുള്ള പഠനോപകരണങ്ങൾ, പാഠപുസ്തകങ്ങൾ എന്നിവ നൽകി. 2021-22 ൽ LKG – UKG കുട്ടികൾക്കുള്ള പാഠപുസ്തകങ്ങൾ അധ്യാപകർ 2 ഭാഗങ്ങളിൽ സ്വന്തമായി തയാറാക്കി വിതരണം ചെയ്തു.

1 മുതൽ 4 വരെ ക്ലാസുകളിലായി 8 അധ്യാപകരും നഴ്സറിയിൽ 4 അധ്യാപകരും ഭക്ഷണം പാചകം ചെയ്യുന്നതിന് 2 ജോലിക്കാരും സ്കൂൾ വൃത്തിയാക്കാൻ 2 ജോലിക്കാരിയും ഉണ്ട്. കഴിഞ്ഞ 7 വർഷത്തെ കണക്കു പരിശോധിച്ചാൽ കുട്ടികളിൽ ഗണ്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായി കാണാം .

2021-2022 ൽ കുട്ടികളുടെ കൃഷിയിലുള്ള അഭിരുചി മെച്ചപ്പെടുത്തുവാനായി ജൈവവൈവിധ്യ പദ്ധതിയുടെ ഭാഗമായി വീടുകളിലെ സസ്യങ്ങളെ വ്യത്യസ്ത തരത്തിൽതരംതിരിക്കുന്നു, വംശനാശംസംഭവിക്കുന്ന സസ്യങ്ങളെ പട്ടികപ്പെടുത്തുന്നു, കുട്ടിക്കുളനിർമ്മാണം എന്നിവ തയാറാക്കി.

2022-23 ൽ കേരള സംസ്ഥാന ജൈവ വൈവിധ്യ ബോർഡിന്റെ മികച്ച ജൈവവൈവിധ്യ സ്കൂൾ അവാർഡ് നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു . മാതൃഭൂമി പത്രത്തിന്റെ സീഡ് അവാർഡ്, മറ്റ് പല അംഗീകാരങ്ങളും പുനർജനി പദ്ധതിയിലൂടെ ഈ കൊച്ചു വിദ്യാലത്തിന് ലഭിച്ചു .'

2023-24 ൽ മലയാള മനോരമ പത്രത്തിന്റെ നല്ല പാഠം അവാർഡ് സ്കൂൾ പ്രവർത്തനങ്ങൾക്ക് ലഭിച്ചു. ഒന്നാം ക്ലാസിലെ വായന പ്രവർത്തനമായ 'വായനയുടെ ലോകത്തേക്ക് സ്നേഹപൂർവ്വം' എന്ന പ്രവർത്തനത്തിന് മികച്ച ഇന്നവേറ്റീവ് സ്കൂൾ തെരഞ്ഞെടുത്തു.

2024-25 അധ്യയന വർഷത്തിൽ നല്ല പാഠം പുരസ്കാരവും സീഡിന്റെ പുരസ്കാരവും ലഭിക്കുകയുണ്ടായി. ശുചിത്വമിഷന്റെ ഒരു പുരസ്കാരം നമ്മുടെ വിദ്യാലയത്തിന് ലഭിച്ചു. ശുചിത്വ മിഷന്റെ ഭാഗമായി മികച്ച മാലിന്യകരണ പ്രവർത്തനത്തിന് സംസ്ഥാനത്തേക്ക് തിരഞ്ഞെടുക്കപ്പെട്ടു.

2025-26 വർഷത്തെ വാർഷിക പദ്ധതിയായ ' മുന്നേറ്റം' എല്ലാ തലത്തിലുമുള്ള കുട്ടികളുടെ ആരോഗ്യപരവും വിദ്യാഭ്യാസപരവുമായ മുന്നേറ്റവും രക്ഷിതാക്കളെ കുട്ടികൾക്ക് പിന്തുണ നൽകാൻ പ്രാപ്തരാക്കുന്ന സമഗ്രമായ മുന്നേറ്റമാണ് ലക്ഷ്യം വെക്കുന്നത്.

ഈ അധ്യായന വർഷത്തിൽ സ്കൂളിൽ വിദ്യാർത്ഥികളുടെ മികവ് പരിഗണിച്ചുകൊണ്ട് നാം ചില നൂതന പദ്ധതികൾ നടപ്പിലാക്കിയിട്ടുണ്ട് ടാലൻഷ്യ, ഗണിത വിസ്മയം, കിരണം, Chat'N Chill... , മികച്ച ഭക്ഷണം- കരുത്തുറ്റ ബാല്യം, പച്ചക്കുട ENERGIA -25 എന്നിവയാണ്.പ്രീ-പ്രൈമറി കുട്ടികൾക്കായി ബണ്ണീസ് യൂണിറ്റ് (സ്കൗട്ട് ) യൂണിറ്റ് ഉണ്ട്.

2025– 26 അധ്യായന വർഷത്തിൽ നടത്തിയ പ്രീ –ടെസ്റ്റിന്റെ അടിസ്ഥാനത്തിൽ രണ്ടുമാസത്തെ അവധിക്കാലത്തിനുശേഷം കുട്ടികൾ പഠനത്തിൽ പിന്നോക്കം പോയതായി കാണുന്നുണ്ട് ഗണിതത്തിലും മലയാളത്തിലും ആണ് അത് കൂടുതലായി കാണുന്നത് .
ഗണിതക്രിയകൾ മറന്നുപോവുക മലയാളത്തിൽ വ്യവഹാരരൂപങ്ങൾ എഴുതാൻ മടി കാണിക്കുക എന്നിവയാണ് കണ്ടെത്തിയ പ്രധാനപ്പെട്ട പ്രശ്നങ്ങൾ.
മലയാളഭാഷയിൽ കുട്ടികൾ സർഗാത്മ രചനകളിൽ ഏർപ്പെടുമ്പോൾ ഉണ്ടാകുന്ന പ്രയാസങ്ങൾ എങ്ങനെ മറികടക്കം എന്നതിന് വേണ്ടിയുള്ള ഗവേഷണത്തിലൂടെ ഒരു തിരിഞ്ഞു വന്ന ഒരു തനത് പദ്ധതിയാണ് ഈ വർഷത്തിൽ സ്കൂൾ അക്കാദമി മാസ്റ്റർ പ്ലാൻ ഉൾപ്പെടുത്തിയിട്ടുള്ളത്. ഈ അധ്യായന വർഷം മുഴുവൻ നീണ്ടു നിൽക്കുന്നതാണ് ഈ തനത് പദ്ധതി ഓരോ മാസവും വ്യത്യസ്ത പ്രവർത്തനങ്ങൾ നൽകിയ കുട്ടികളെ ലക്ഷ്യത്തിലെത്തിക്കുന്നു.നിത്യ ജീവിതത്തിൽ ഗണിത പഠനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് നാം അറിഞ്ഞോ അറിയാതെയോ ബോധവാന്മാരാകുന്നുണ്ട്.കുട്ടികൾക്ക് ബാലികേറാ
മലയായ ഗണിതത്തെ പ്രായോഗിക ജീവിതവുമായി ബന്ധപ്പെടുത്തിയും കളിയിലൂടെയും രസകരമായ പഠന നേട്ടങ്ങളിലേക്ക് എത്തിക്കാം. വസ്തുതകളെ സംഖ്യകളെ ഉപയോഗിച്ച് അപഗ്രഥിക്കുകയും വ്യാഖ്യാനിക്കുകയും ചെയ്യുന്നതാണ് ഗണിത പഠന സമീപനം. ഗണിത പഠനം രസകരവും ആസ്വാദകരവുമായി കുട്ടി കൈകാര്യം ചെയ്യണം എന്നത് മുന്നിൽ കണ്ടുകൊണ്ട് തന്നെയാണ് ഈ വർഷം ഗണിതത്തിന്റെ ഒരു പദ്ധതി തയ്യാറാക്കിയിട്ടുള്ളത്.ഓരോ പഠനം നേട്ടത്തെയും ഗണിത ആശയങ്ങൾ ഉൾക്കൊണ്ടുതന്നെയാവണം കുട്ടി പഠിക്കേണ്ടത് എന്നത് ഒരു മാർഗ്ഗസഹായിയാണ്.
ജൈവവൈവിധ്യ പദ്ധതിയുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കഴിഞ്ഞ കൊല്ലത്തെപ്പോലെ തന്നെ ഇക്കൊല്ലം തുടരുവാൻ പ്രവൃത്തനങ്ങൾ മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.
കൂടുതൽ സംരക്ഷണത്തിന്റെ ഭാഗമായ പ്രവർത്തനങ്ങളും അക്കാദമി മാസ്റ്റർ പ്ലാനിൽ ഉൾപ്പെടുത്തിയിരിക്കുന്നു.

| പ്രൊജക്റ്റിന്റെ പേര് | ലക്ഷ്യം | പ്രവർത്തനങ്ങൾ | കാലയളവ് | ഭൗതികം | പിന്തുണ | സാമ്പത്തികം | മോണിറ്ററിംഗ് |
|---|---|---|---|---|---|---|---|
| JRC | സേവനമനോഭാവം | ആതുരസാമൂഹിക സേവനം | 4–വർഷം | | അധ്യാപിക | | ഹെഡ്മിസ്ട്രസ്സ് |
| BUL-BUL | കുട്ടികളിൽ സ്നേഹം, സഹാനുഭൂതി | പരിസര ശുചീകരണം,<br>സഹായങ്ങൾ | 4–വർഷം | | അധ്യാപിക | | ഹെഡ്മിസ്ട്രസ്സ് |
| CUB UNIT | കുട്ടികളിൽ സ്നേഹം, സഹാനുഭൂതി | പരിസര ശുചീകരണം,<br>സഹായങ്ങൾ | 4–വർഷം | | അധ്യാപിക | | ഹെഡ്മിസ്ട്രസ്സ് |
| BUNNY UNIT | കുട്ടികളിൽ സ്നേഹം, സഹാനുഭൂതി | | 2–വർഷം | | അധ്യാപിക | | ഹെഡ്മിസ്ട്രസ്സ് |
| ക്ലബുകൾ | എല്ലാവിഷയാടിസ്ഥാനത്തിലും ക്ലബുകൾ രൂപീകരിച്ച് കുട്ടികളെ വിവിധ പാഠ്യേതര വിഷയങ്ങളിൽ താൽപര്യം ഉണ്ടാക്കുക | * English club<br>* ശാസ്ത്ര ക്ലബ്<br>* ഗണിയക്ലബ്<br>* സാഹിത്യ ക്ലബ്<br>*പരിസ്ഥിതി ക്ലബ്<br>* ജൈവവൈവിധ്യ ക്ലബ്<br>* ആരോഗ്യ ക്ലബ് | 1–വർഷം | | അധ്യാപകർ | | ഹെഡ്മിസ്ട്രസ്സ് |
| ഗണിത വിസ്മയം | സംഖ്യാബോധം സംഖ്യകളെ വ്യാഖ്യാനിക്കൽ സങ്കലനം, വ്യവകലനം ,പ്രശ്നാപഗ്രഥനം ഗണിതശേഷികൾ എല്ലാ കുട്ടികളും നേടിയെന്ന് ഉറപ്പുവരുത്തുക. | * ഗണിത കിറ്റ് നിർമ്മാണം<br>* ശില്പശാലപഠനസാമഗ്രികൾ നിർമ്മാണം<br>* ഗണിതകേളികൾ<br>* ഒരു ദിനം ഒരു ചോദ്യം – കുസൃതികണക്കുകൾ, ഗണിതപസിലുകൾ<br>* പതിപ്പ് തയ്യാറാക്കൽ<br>* ഗണിത മാഗസിൻ | 1–വർഷം | ഗണിത ഉപകരണങ്ങൾ | അധ്യാപകർ | | ഹെഡ്മിസ്ട്രസ്സ് |
| കിരണം | എല്ലാ കുട്ടികളെയും എഴുതാനും വായിക്കാനും സ്വയം വ്യവഹാര രൂപങ്ങളിൽ ഏർപ്പെടാനും കഴിവുള്ളവരാക്കുക.എല്ലാ കുട്ടികളും സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായം ഇല്ലാതെ ലഘുവാക്യങ്ങളിൽ | ദിനാചരണങ്ങൾ<br>വ്യവഹാര രൂപങ്ങൾ തയ്യാറാക്കൽ<br>ഡയറിയെഴുത്ത്<br>പാട്ടരങ്ങ്<br>റീഡേഴ്സ് തിയേറ്റർ<br>മാഗസിൻ നിർമ്മാണം | 1–വർഷം | ലൈബ്രറി പുസ്തകങ്ങൾ പത്രങ്ങൾ വായനക്കാർഡുകൾ<br><br>ഐടി | അധ്യാപകർ | | ഹെഡ്മിസ്ട്രസ്സ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | എഴുതിപ്രകടിപ്പിക്കുന്നതിനുള്ള കഴിവ് നേടുമെന്ന് ഉറപ്പുവരുത്തുക.മലയാളം തെറ്റുകൂടാതെയും അക്ഷരസ്ഫുടതയോടെയും അനായാസമായി വായിക്കുവാൻ | വായനോത്സവം<br>രചനോത്സവം<br>അമ്മ വായന<br>ലൈബ്രറി രൂപീകരണം | | ഉപകരണങ്ങൾ ബാല മാസികകൾ ചോദ്യപേപ്പറുകൾ മാഗസിനുകൾ | | | |
| ടാലെൻഷ്യ | ആഴ്ചയിൽ ഒരു പൊതു ചോദ്യം വിജ്ഞാന ചോദ്യപേപ്പറുകൾ നൽകുകയും മാസത്തിലൊരിക്കൽ മത്സരം നടത്തുകയും ചെയ്തതിലൂടെ കുട്ടികൾ നേരിടുന്ന പ്രശ്നങ്ങൾ അവർ അറിയാതെ മാറി നടക്കുന്നു ഒറ്റ പ്രവർത്തനത്തിന് കീഴിൽ തന്നെ പഠനത്തിലെ മുന്നോക്ക കാർക്കും പിന്നോക്കക്കാർക്കും വികേ അവസരം നൽകുന്ന ഒഴിവുസമയങ്ങളുടെ ഫലപ്രദമായ ഉപയോഗം പൊതുവിജ്ഞാനത്തിന്റെ നിലവാരം വർദ്ധിപ്പിക്കുന്നു. മത്സര പരീക്ഷകൾക്ക് കുട്ടികളെ തയ്യാറാക്കാൻ അവരിലെ ഭയം ഇല്ലാതാക്കുന്നു | പ്രീടെക്സ്റ്റ് ജികെ നിലവാരം അളക്കുന്നതിന് ചോദ്യങ്ങൾ തയ്യാറാക്കി വാട്സ്ആപ്പ് ഗ്രൂപ്പുകളിലൂടെ അയക്കുന്നു.3,4 ക്ലാസുകളിലെ കുട്ടികളെ മത്സരപരീക്ഷക്ക് വേണ്ടിയും മേളകൾക്ക് വേണ്ടിയും തയ്യാറാക്കുന്നു. സമകാലിക പൊതുവിജ്ഞാനവും കണ്ടെത്താൻ ആവശ്യപ്പെടുന്നു.ക്വിസ് മത്സരം നടത്തുന്നു വിജയികളെ കണ്ടെത്തുന്നു ദിനാചരണങ്ങളിൽ ക്വിസ് മത്സരം നടത്തുന്നു | 1-വർഷം | പത്രങ്ങൾ, മാഗസിനുകൾ,ചോദ്യ പേപ്പറുകൾ | അധ്യാപകർ | | ഹെഡ്മിസ്ട്രസ്സ് |
| Chat'N Chill {English Speaking Language} | (i) understand meaning of words, phrases and sentences in context;<br>(ii) understand statements, questions, instructions, and commands;<br>(iii) follow directions given | Games<br>Spoken English<br>ESLactivities<br>Drama<br>Role-play<br>Interviews, Magazine<br>Reading theatre | 1 year | Library books<br>IT instruments<br>Reading cards,toys<br>Newspaper | Teachers | | Headmistress |

| | | | | | | | |
|---|---|---|---|---|---|---|---|
| | orally;<br>(iv) follow simple narratives and description,<br>(v) grasp the substance and central idea of what is heard;<br>(vi) Listen –The English curriculum on the whole aims to provide pupils<br>with a “strong command of the spoken and written language”,<br>alongside developing pupils' love and enjoyment for literature. | skit, puppetry,<br>Discussions,<br>Pannel discussion<br>Spoken English class | | | | | |
| പുനർജനി | ശാസ്ത്ര അവബോധം വളർത്തുക<br>ശാസ്ത്ര പഠനം രസകരമാക്കൽ | ശാസ്ത്ര മാഗസിനുകൾ<br>ലഘു പരീക്ഷണങ്ങളിൽ ഏർപ്പെടൽ, കുറിപ്പ് തയ്യാറാക്കൽ | 1–വർഷം | | അധ്യാപകർ | | ഹെഡ്മിസ്ട്രസ്സ് |
| മികച്ച ഭക്ഷണം കരുത്തുറ്റ ബാല്യം | കുട്ടികളുടെ ആരോഗ്യം ഉറപ്പുവരുത്തുക | പോഷകമൂല്യങ്ങൾ ഉള്ള വിഭവങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് ഓരോ ആഴ്ചയിലും ഓരോ ദിവസം വിഭവങ്ങൾ നൽകുക കണ്ണാടി പ്ലേറ്റ് പദ്ധതി നടപ്പാക്കുക | 1–വർഷം | | അധ്യാപകർ<br>PTA | | ഹെഡ്മിസ്ട്രസ്സ് |
| പച്ചക്കുട | പരിസ്ഥിതി സംരക്ഷണ പരിപാടിയിൽ കുട്ടികളെയും രക്ഷിതാക്കളെയും ഭാഗമാക്കുക പ്ലാസ്റ്റിക്കിന്റെ ഉപയോഗം കുറയ്ക്കുക പ്ലാസ്റ്റിക്ക് പരിസ്ഥിതിക്ക് നാശം എന്ന് കുട്ടികളിലൂടെ സമൂഹത്തിനു മനസ്സിലാക്കികൊടുക്കുന്നു | Seed ball, plank bank<br>പുഷ്പഉദ്യാനം,ഔഷധത്തോട്ടം നിർമ്മാണം<br>ശുചിത്വ സർവ്വേ നടത്തൽ<br>പ്രകൃതി നടത്തം<br>പോസ്റ്റർ രചന മത്സരം<br>കർഷകരുമായി അഭിമുഖം<br>ജൈവവൈവിധ്യ പാർക്ക്<br>പ്രകൃതി വിഭ സംരക്ഷണം | 1–വർഷം | | അധ്യാപകർ<br>PTA | | ഹെഡ്മിസ്ട്രസ്സ് |

| | | | | | | | |
|---|---|---|---|---|---|---|---|
| | പ്രകൃതിയെ അറിയുന്നതിനും ആസ്വദിക്കുന്നതിനും | | | | | | |
| Energy sve | നാം ജീവിക്കുന്ന ഈ ചുറ്റുപാടിൽ ഊർജ്ജസംരക്ഷണത്തിന്റെ ആവശ്യകത സമൂഹത്തെ ബോധവൽക്കരിക്കുന്നു | സ്കൂളിലെ കുട്ടികൾ ഒരു ദിവസം തേക്കാതെ വരുന്ന വസ്ത്രങ്ങൾ ധരിച്ച് സ്കൂളിൽ വരുക നോൺ തേപ്പ് ഡേ ആചരിക്കുന്നു. | 1-വർഷം | | അധ്യാപകർ PTA | | ഹെഡ്മിസ്ട്രസ്സ് |
| Energia-25 | അക്കാദമിക നിലവാരത്തോടൊപ്പം തന്നെ കുട്ടികളിലെ കായിക ക്ഷമത വർദ്ധിപ്പിക്കുക. | കരാട്ടെ<br>സൂമ്പ<br>മാസ്ഡ്രിൽ<br>കളരിപ്പയറ്റ് | 1-വർഷം | | അധ്യാപകർ PTA | | ഹെഡ്മിസ്ട്രസ്സ് |